## ഭരണഭാഷ-മാതൃഭാഷ

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം.
ഇ-മെയിൽ:dir.dhse.dge@kerala.gov.in
ഫോൺ നമ്പർ: 0471 2325868

നമ്പർ.എഡി.ബി2/194881/2021/ഡിജിഇ    തീയതി : 04/03/2021

## സർക്കുലർ

വിഷയം: പൊ.വി.വ – ഹ.സെ.വി – ജീവനക്കാര്യം – എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേക്കുള്ള ഡിപ്പാർട്ട്മെന്റൽ, ഹയർ സെക്കന്ററി മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർ, ലാബ് അസിസ്റ്റന്റമാർ എന്നിവരുടെ തസ്തികമാറ്റ നിയമനം OA(EKM)453/2021,454/2021&456/2021 നമ്പർ കേസുകളിലെ 01/03/2021 – ലെ ഉത്തരവിന് വിധേയമായി HST/UPST അദ്ധ്യാപകരിൽ നിന്നും തസ്തികമാറ്റ അപേക്ഷ ക്ഷണിക്കുന്നത് – സംബന്ധിച്ച്.

സൂചന:
1) ഈ ഓഫീസിലെ 15/02/2021, 19/02/2021 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.
2) OA(EKM)453,454&456/2021 കേസുകളിൻമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (EKM) Branch) – ന്റെ 01/03/2021 – ലെ ഉത്തരവ്.

ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ എച്ച്.എസ്.എസ്.റ്റി ജൂനിയർ അധ്യാപക തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിലേക്കായി എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിന്നും സൂചന(1) പ്രകാരം 16/02/2021 മുതൽ 01/03/2021 വരെ ഓൺലൈൻ അപേക്ഷ സ്വീകരിച്ചിരുന്നു. എന്നാൽ ഹയർ സെക്കന്ററി ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും HSA/UPST/HSST തസ്തികയിലേയ്ക്ക് നിയമനം ലഭിച്ച് പുതിയ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാകാത്ത അദ്ധ്യാപകർക്ക് തസ്തികമാറ്റ അപേക്ഷകൾ സമർപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല. ആയതിനെതിരെ ബഹു.KAT മുമ്പാകെ സൂചന (2) പ്രകാരം ഫയൽ

ചെയ്യപ്പെട്ട കേസുകളിന്മേലുള്ള 01/03/2021 – ലെ ഉത്തരവിൽ, ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും HST/UPST തസ്തികയിലേക്ക് നിയമനം ലഭിച്ച് പ്രൊബേഷൻ കാലയളവ് പൂർത്തീകരിക്കാത്ത അദ്ധ്യാപകർക്ക് പ്രൊവിഷണലായി തസ്തികമാറ്റ അപേക്ഷകൾ സമർപ്പിക്കുവാൻ അവസരം നൽകുവാൻ കോടതി ഉത്തരവായിട്ടുണ്ട്. സൂചന(2) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർ ചുവടെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് www.hscap.kerala.gov.in എന്ന സൈറ്റിലെ ബൈട്രാൻസ്ഫർ ടാബിൽ ക്ലിക്ക് ചെയ്യുമ്പോൾ വരുന്ന ഹോം പേജിലെ **ഓൺലൈൻ അപ്ലിക്കേഷൻ പ്രൊവിഷണൽ** എന്ന ലിങ്കിലൂടെ 05/03/2021 മുതൽ 06/03/2021 വൈകിട്ട് 5 മണി വരെ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

1. ലാബ് അസിസ്റ്റന്റ് തസ്തികകളിൽ നിന്നും HST/UPST തസ്തികയിൽ പ്രവേശിച്ച് പ്രസ്തുത തസ്തികയിൽ **"പ്രൊബേഷൻ പൂർത്തിയാക്കാത്ത അദ്ധ്യാപകർ"** മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളു.
2. ടി അദ്ധ്യാപകർ സൂചന(1) – ലെ 15/02/2021, 19/02/2021 എന്നീ തീയതികളിലെ സർക്കുലറുകളിലെ നിർദ്ദശങ്ങൾ കൃത്യമായി മനസ്സിലാക്കിയശേഷം മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളു.
3. അപേക്ഷ സമർപ്പിച്ചതിനു ശേഷം യാതൊരുവിധ തിരുത്തലുകളും ഒരു കാരണവശാലും അനുവദിക്കുന്നതല്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഇൻ ചാർജ്ജ്)

sm